(ഡി) പോട്ടറി യൂണിറ്റ് പ്രവർത്തിക്കണമെന്നാണുദ്ദേശമെങ്കിൽ അവിടെ വർഷങ്ങളായി ജോലി ചെയ്തുവരുന്ന പോട്ടറി ബോയ്മാരെ മറ്റ് സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റിയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോട്ടറി യൂണിറ്റിലെ നാല് പോട്ടർമാരും ഒരു ഹെഡ് പോട്ടറും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

(ബി) കോളേജ് ഓഫ് ഫൈൻ ആർട്സ് ആയി ഉയർത്തിയ പഴയ സ്കൂൾ ഓഫ് ആർട്സിലെ പോട്ടറി യൂണിറ്റ് തുടരേണ്ടതില്ലെന്ന് തീരുമാനിച്ചതിനാലാണ് അവിടെ ജോലി ഇല്ലാതെ വന്ന പത്ത് പോട്ടർബോയിമാരെ വിവിധ ടെക്നിക്കൽ സ്കൂളുകളിലേക്ക് സ്ഥലം മാറ്റിയത്.

(സി) ഉണ്ട്. കാരണം താഴെ പറയുന്നു.

1. ഗവൺമെന്റ് നിയമിച്ച മലയാറ്റൂർ രാമകൃഷ്ണൻ കമ്മീഷനും (1969) ഹെബ്ബാർ കമ്മീഷനും (1984) പോട്ടറി യൂണിറ്റ് കോളേജ് ഓഫ് ഫൈൻ ആർട്സിൽ തുടരേണ്ടായെന്ന് ശുപാർശ ചെയ്തു.

2. സ്കൂൾ ഓഫ് ആർട്സ്, ഫൈൻ ആർട്സ് കോളേജായി ഉയർത്തിയപ്പോൾ, യൂണിവേഴ്സിറ്റി അഫിലിയേഷൻ നൽകുന്നത് സംബന്ധിച്ച് പരിശോധനയ്ക്ക് വന്ന കമ്മീഷനും, ഒരു കോമേഴ്സ്യൽ യൂണിറ്റായ പോട്ടറി യൂണിറ്റ് അവിടെ നിന്നും മാറ്റണമെന്ന നിബന്ധന മുന്നോട്ടുവച്ചു. ഈ യൂണിറ്റ് അവിടെ നിന്നും മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് വിദ്യാർത്ഥികളും സമരം നടത്തി.

3. പോട്ടറി യൂണിറ്റിലെ പഴയ ജീവനക്കാർ പെൻഷൻ പറ്റി പിരിഞ്ഞപ്പോൾ പകരം വന്ന പുതിയ ജീവനക്കാർക്ക് വേണ്ടത്ര പരിചയം ഇല്ലാത്തതിനാൽ, ഒരു കോമേഴ്സ്യൽ സ്ഥാപനമായ പോട്ടറി യൂണിറ്റ് ലാഭകരമായി പ്രവർത്തിപ്പിച്ചുകൊണ്ടുവാൻ നിവർത്തിയില്ലാതെ വന്നു. വിറകിന്റെ വർദ്ധിച്ച വിലയും യൂണിറ്റിന് നഷ്ടമുണ്ടാക്കുന്നതിന് കാരണമായി.

(ഡി) പോട്ടറി യൂണിറ്റ് തുടർന്ന് പ്രവർത്തിക്കണമെന്ന് ഉദ്ദേശമില്ല.

പോട്ടറി ബോയ് തസ്തിക

1442. [2179] ശ്രീ. കെ. മൂസ്സാക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്ക്കൂളിലേക്ക് തിരുവനന്തപുരത്തെ കോളേജ് ഓഫ് ഫൈൻ ആർട്സിലെ പോട്ടറി യൂണിറ്റിൽ നിന്നും പത്ത് 'പോട്ടറി ബോയ്' തസ്തികകൾ ഷിഫ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ നിലവിലുള്ള കോഴ്സുകൾക്ക് 'പോട്ടറി ബോയ്'മാരുടെ സേവനം എങ്ങനെയാണ് വിനിയോഗിക്കുക എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ജീവനക്കാരുടെ സേവനം ഓഫീസ് സംബന്ധമായി ഉപയോഗിക്കുന്നു. അവരെ ശിപായിമാരായി തസ്തിക മാറ്റം ചെയ്യാനുള്ള നിർദ്ദേശം പബ്ലിക് സർവീസ് കമ്മീഷന്റെ പരിഗണനയിലാണ്.

## മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ്

1443. [2180] ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകേണ്ട സ്കോളർഷിപ്പുകൾ നൽകുന്നതിന് കാലതാമസം വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

### ഉത്തരം

(എ) മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകേണ്ട സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുള്ളതായ ചില പരാതികൾ ചില രക്ഷകർത്താക്കളിൽ നിന്നും കിട്ടിയിട്ടുണ്ട്.

(ബി) സ്കോളർഷിപ്പുകൾ ഉടനടി വിതരണം നടത്തുന്നതിനായി പരാതികൾ അപ്പപ്പോൾ തന്നെ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്. കാലതാമസം ഒഴിവാക്കി സ്കോളർഷിപ്പ് എല്ലാ കൊല്ലവും ആഗസ്റ്റ് 31-ാം തീയതിക്ക് മുമ്പ് തന്നെ വിതരണം നടത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്.

## വിരാലിപുരം ഗ്രാമോദ്ധാരണ ഗ്രന്ഥശാലയുടെ പ്രവർത്തനം

1444 [2181] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിരാലിപുരം ഗ്രാമോദ്ധാരണ ഗ്രന്ഥശാല (രജി.നം.558) തുറന്നു പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിരാലി പൗരക്ഷേമ സമിതി പരാതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) അടിയന്തിരമായി അത് തുറന്ന് പ്രവർത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly